# തൃശ്ശൂരിൽ നഗരാസൂത്രണം ഉണ്ടോ?

ഇടുങ്ങിയ റോഡുകൾ, എല്ലായിടത്തും ഗതാഗതക്കുരുക്ക്, എവിടെയും നോ പാർക്കിങ്ങ് (അപ്പോൾ പാർക്കിങ്ങ് എവിടെ) എല്ലാ ബസ്സുകളും നഗരത്തിനുള്ളിൽ തിരുവാതിരക്കളി, ഒന്ന് മൂത്രമൊഴിക്കാൻ പോലും സ്ഥലമില്ല. പിന്നെ ലാലൂരും. ഇതൊന്നും മേയറുടെ കുറ്റമല്ല. രാജഭരണമുള്ള കാലത്ത് കച്ചവടം കൂടുതലുള്ള പട്ടണങ്ങളിൽ അന്നത്തെ വീതി കൂടിയ റോഡുകളായിരുന്നു ഇന്ന് നാം കാണുന്ന ഇടുങ്ങിയ റോഡുകൾ, പട്ടണം പുരോഗതി പ്രാപി ക്കുന്നതോടെ തൃശ്ശൂരിന്റെ വികസനം സ്വരാജ് റൗ പോലെ അവിടെ വട്ടം കറങ്ങാൻ തുട ങ്ങി.

ഇപ്പോഴുള്ള കേരളത്തിലെ ചെറുപട്ടണങ്ങൾ പോലും വീതി കൂടിയ റോഡുകളാണ് ഉദാ:(പെരുമ്പാവൂർ, വൈറ്റല, മൂവാറ്റുപുഴ തുടങ്ങിയവ) നഗരത്തിൽ കച്ചവടം വർധി ക്കുന്നതോടെ വികസനത്തന്റെ അതിരുകൾ മാറ്റി സ്ഥാപിക്കേണ്ടതായിരുന്നു. തൃശ്ശൂരിന്റെ വികസനം ആരംഭിക്കേണ്ടത് മിഷ്യൻ ക്വാർട്ടേഴ്സിൽ നിന്നോ, പൂങ്കുന്നത്ത് നിന്നോ അല്ല; മറിച്ച് തെക്ക് നിന്ന് വികസനം തലോർ ബൈപ്പാസ് ജംഗ്ഷനിൽ നിന്ന് തൃശ്ശൂരിലേക്ക് വീതി കൂടിയ ഇരട്ടപ്പാത ഇരിഞ്ഞാലക്കുടയിൽ നിന്നാണെങ്കിൽ കരുവന്നൂരിൽ നിന്ന്, വടക്ക് നിന്ന് അമലാനഗറിൽ നിന്ന്, പിന്നെ മണ്ണുത്തിയിൽ നിന്ന്, അരിമ്പൂരിനും അപ്പുറത്ത് നിന്ന് മിനിമം സ്വരാജ് റൗിൽ നിന്നും പത്ത് കിലോമീറ്റർ അകലെ നിന്നും നഗരം ആരംഭിക്കണം. നമുക്ക് മാത്രം ജീവിച്ചാൽ പോരല്ലോ വരും തലമുറക്കും വേണ്ടേ എന്തെങ്കിലുമൊക്കെ, എല്ലാം വീതികൂടിയ (മിനിമം) ഇരട്ടപ്പാതയായിരിക്കണം, സ്ഥലമുണ്ടെങ്കിൽ സർവ്വീസ് റോഡുകൾ ആകാം.

പിന്നെ തൃശ്ശൂരിൽ നിർത്തുന്ന എല്ലാ ട്രെയിനുകളും തൃശ്ശൂരിൽ തന്നെ നിർത്തണമെ ന്നില്ല. കുറച്ച് ട്രെയിനുകൾ ഒല്ലൂരിൽ നിർത്തുക. തൃശ്ശൂരിൽ നിന്ന് അഞ്ച് കിലോമീറ്റർ മാത്രം ചിലത് അമലയിൽ എട്ട് കിലോമീറ്റർ മാത്രം, ചിലത് പുതുക്കാട് നിർത്തുക.പന്ത്ര്ണ്ട് കിലോ മീറ്റർ മാത്രം. (ബോംബെയിൽ ചില ട്രെയിൻ നിർത്തുന്നത് പല ട്രെയിനും പല സ്ഥലങ്ങളി ലാണ്.) അപ്പോൾ നഗരത്തിന്റെ തിരക്ക് കുറയും. കെ എസ്. ആർ. ടി. സി മെയിൻ സ്റ്റാൻഡ് നടത്തറ ബൈപാസ്സിൽ സ്ഥാപിക്കുക. വലിയ സ്റ്റേഡിയം രാമവർമപുരത്ത് സ്ഥാപിക്കുക. പുഴക്കൽ പാടം ആദ്യം അളവ് തിരിച്ച് റോഡുാക്കുക, പിന്നീട് കെട്ടിടങ്ങൾക്ക് അനുമതി കൊടുക്കുക. പീച്ചി, മാടക്കത്തറ തുടങ്ങിയ സ്ഥലങ്ങളിലെ തണുപ്പിലേക്ക് നഗരത്തെ നീട്ടി നടുക. നല്ല മേൽപ്പാലങ്ങൾ വീതികൂടിയ റോഡുകൾ ഉാകട്ടെ; പിന്നെ ഒരു ചെറിയ വിമാ നത്താവളം, പത്ത് പോലീസ് സ്റ്റേഷൻ, അഞ്ച് സബ് ആർ. ടി. ഓഫീസ്.

## പിന്നെ ലാലൂർ

"ലാലൂർ പ്രശ്നം പരിഹരിക്കാൻ ര് വരി ഫോർമുല മതി

ഏകീന്ദ്രീകരണം പറ്റാത്തിടത്ത് വികേന്ദ്രീകരണം

വികേന്ദ്രീകരണം സാധിക്കാത്തിടത്ത് ഏകീന്ദ്രീകരണം"

ഇവിടെ സംഭവിച്ചത് ഏകീന്ദ്രീകരണമാണ്, ജനങ്ങൾ തൃശ്ശൂരിൽ എത്തിയാൽ അതിന്റെ മാലിന്യം ചുമക്കേത് ലാലൂരുള്ളവർ മാത്രം ഇതെന്ത് പ്രതിഭാസം; പക്ഷേ ഇതിന്റെ ബാധ്യത ലാലൂർക്കാരില്ല. അതിന് ഒരേ ഒരു പോം വഴി ആദ്യ നടപടിയെന്നോണം കേരളത്തിലെ നൂറ്റി നാൽപത് നിയോജകമണ്ഡലങ്ങളിലും ആധുനിക മാലിന്യ സംസ്ക്കരണകേന്ദ്രം തുടങ്ങുക. തൃശ്ശൂർ ജില്ലയിൽ ഏഴ് അല്ലെങ്കിൽ എട്ട് കേന്ദ്രങ്ങൾ തുടങ്ങുക നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുടങ്ങിയാൽ അധികം വരുന്ന മാലിന്യം ഓരോ പ്ലാന്റിലേക്കും മാറ്റുക, അതോടെ ഒരു മണ്ഡലത്തിൻ കീഴിൽ വരുന്ന എല്ലാ മാലിന്യങ്ങളും വാഹനം വഴി പഞ്ചായത്തുകൾ ശേഖരിച്ച് പ്ലാന്റിലെത്തിക്കുക. അപ്പോൾ പഞ്ചായത്തും, ബ്ലോക്കും, നഗരവും ശുചിയാവും.

മേൽപറഞ്ഞ പ്ലാന്റിൽ മാലിന്യം അധികമായാൽ വീും മണ്ഡലത്തെ വിഭജിക്കുക, രോ മൂന്നോ പഞ്ചായത്തുകൾക്കായി പ്ലാന്റ് സ്ഥാപിക്കുക, കൃഷിക്ക് വളവും കിട്ടും മൂക്ക് പൊത്താതെ നമുക്ക് നാട്ടിൽ നടക്കാം.

എടോ പണം ആവശ്യത്തിന് ചിലവാക്കാനുള്ളതാണ്. ബാങ്കുകളോട് സബ്സിഡയായി തരാൻ പറയെടോ; മലയാളിയുടെ പണം മലയാളിക്ക് ചെലവാക്കെടോ ബാങ്ക് മാനേജരേ

ഇതോടെ കേരളം ശുചിയാവും, ടൂറിസ്റ്റുകൾക്ക് കേരളത്തിൽ മൂക്ക് പൊത്താതെ നടക്കാം, ടൂറിസ്റ്റുകളുടെ മുന്നിലൂടെ രാഷ്ട്രീടക്കാർക്ക് തലയിൽ മുിടാതെ നടക്കാം.എത്ര കോടി ഡോളറാടോ സായിപ്പ് മടിയിൽ വച്ച് നടക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് ഒന്നു വരുവാൻ തന്റെ മനസ്സിലെ ഈഗോ മാറ്റി പച്ചക്കൊടി കാണിക്കെടോ ഉഉഉദ്യോഗസ്ഥൻമാരേ!

കേരളത്തിൽ നക്ഷത്രഹോട്ടലുാകും, കോട്ടേജ് പണിയും, നല്ല ബാത്ത് റൂമും പണിയും. പക്ഷേ ചിലപ്പോൾ വെള്ളമുാകില്ല. മണം വേറെയും. ഇതൊന്ന് മാറ്റികൂടെ ഹോട്ടലുടമേ.....!